**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൃഷിഭവനുകൾ ഹൈടെക്ക് ആയി ഉയർത്തുന്നതിനുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കൃഷി ഭവനുകൾ ഹൈടെക്ക് ആയി ഉയർത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിൽ 28 കൃഷി ഭവനുകളും, 2023-24 സാമ്പത്തിക വർഷത്തിൽ 14 കൃഷി ഭവനുകളും, 2024-25 സാമ്പത്തിക വർഷത്തിൽ 10 കൃഷി ഭവനുകളുമാണ് സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിനു വേണ്ടി അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ ജില്ലാ തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. കൂടാതെ RIDF 27&29 എന്നീ ട്രാഞ്ചുകളിലായി 32 കൃഷി ഭവനുകൾ സ്മാർട്ട് കൃഷി ഭവനാക്കുന്നതിന് തെരഞ്ഞെടുക്കുകയും പ്രസ്തുത സ്മാർട്ട് കൃഷി ഭവനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | വള്ളിക്കുന്ന് മണ്ഡലത്തിലെ കൃഷിഭവനുകൾ ഹൈടെക് ആയി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | വള്ളിക്കുന്ന് മണ്ഡലത്തിൽപെട്ട കൊണ്ടോട്ടി കൃഷി ഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുവാൻ പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടം ആയി സ്മാർട്ട് കൃഷിഭവ്വനുകൾ ആക്കുന്നതിനു വേണ്ടിയാണ് സർക്കാർ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകൾ ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | 2022-23 (തുക ലക്ഷത്തിൽ) | 2023-24 (തുക ലക്ഷത്തിൽ) | 2024-25 (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 37.50 | 53.22726 | 14.36811 |
| 2 | കൊല്ലം | 25.00 | 25.00 | 81.00000 |
| 3 | പത്തനംതിട്ട | 25.00 | 24.86616 | 18.96509 |
| 4 | ആലപ്പുഴ | 50.00 | 49.86616 | 0.82939 |
| 5 | കോട്ടയം | 37.50 | 22.36616 | 16.86616 |
| 6 | ഇടുക്കി | 37.50 | 22.36616 | 12.83814 |
| 7 | എറണാകുളം | 37.50 | 22.36616 | 0.00000 |
| 8 | തൃശ്ശൂർ | 37.50 | 47.23231 | 29.98050 |
| 9 | പാലക്കാട് | 37.50 | 29.86616 | 0.00000 |
| 10 | മലപ്പുറം | 37.50 | 24.86616 | 0.00000 |
| 11 | കോഴിക്കോട് | 37.50 | 27.94476 | 12.74377 |
| 12 | കണ്ണൂർ | 25.00 | 22.36616 | 0.00000 |
| 13 | വയനാട് | 25.00 | 7.23329 | 0.00000 |
| 14 | കാസർഗോഡ് | 37.50 | 7.07313 | 7.07313 |
| | **ആകെ** | **487.50** | **386.64003** | **194.66429** |

സെക്ഷൻ ഓഫീസർ